"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

**(കേരളസംസ്ഥാനം)**

നമ്പർ:DT/1790/2020-H1

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 16/06/2020

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - സർട്ടിഫിക്കറ്റ് വിഭാഗം - തിരുവനന്തപുരം - സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ ഐ.ടി.ഐ കൾക്ക് വിതരണം നടത്താനുള്ള സർട്ടിഫിക്കറ്റുകൾ തപാൽ മാർഗ്ഗം അയയ്ക്കുന്നത് - വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

2020 മാർച്ച് മാസം, സംസ്ഥാനത്ത് കോവിഡ്-19 റിപ്പോർട്ട് ചെയ്തതിനു ശേഷം വിവിധ സ്ഥാപനങ്ങൾക്ക് (ഐ.ടി.ഐ/ആർ.ഐ.സെന്റർ) അനുവദിച്ചിരുന്ന (ബ്ലാങ്ക്/മേലൊപ്പ് ചാർത്തിയ) സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിലും, പൊതു ഗതാഗതം സാധാരണ നിലയിൽ ആകാത്ത സാഹചര്യത്തിലും ടി സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നത് ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കാണുന്നു. ആയതിനാൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അതത് സ്ഥാപന മേധാവികൾക്ക് തപാൽ മാർഗ്ഗം Registered A/D ആയി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അയച്ച് തരുന്നതാണ്. ആയത് കൈപ്പറ്റിയാൽ ഉടൻ തന്നെ സർട്ടിഫിക്കറ്റുകളുടെ ലിസ്റ്റ് ഉൾപ്പെടെയുള്ള കൈപ്പറ്റ് രസീത് മടക്കത്തപാലിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകളുടെ വിവരം നിലവിലുള്ള രീതിയിൽ ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ട്രെയിനികളുടെ ഒപ്പ് വാങ്ങിയതിനുശേഷം വിതരണം നടത്തേണ്ടതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നതിന് ജീവനക്കാരെ ഡയറക്ടറേറ്റിലേക്ക് നിയോഗിക്കേണ്ടതില്ല എന്നറിയിക്കുന്നു.

**MADHAVAN P K**
**ADDITIONAL DIRECTOR**

എല്ലാ ഗവ /പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
എല്ലാ ആർ.ഐ സെന്റർ ട്രെയിനിംഗ് ഓഫീസർമാർക്കും (വകുപ്പ് വെബ്സൈറ്റ് മുഖേന)

പകർപ്പ് - CA to DT/CA to ADT/DD(T)/DySAA/SS(H)/SF(H1)